**<u>അനുബന്ധം 1</u>**

**<u>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു മേശപ്പുറത്തുവച്ച മറുപടി പ്രസംഗം</u>**

## <u>എക്സൈസ് വകുപ്പ്</u>

1. 2015 നവംബർ മാസത്തോടു കൂടി എക്സൈസ് വകുപ്പിലെ കമ്മീഷണറേറ്റും അനുബന്ധ ഓഫീസുകളും (ഇ-ഫയലിംഗ്) സംവിധാനത്തിലാക്കും. എക്സൈസ് വകുപ്പിൽ <u>**e-governance** പദ്ധതി നടപ്പിലാക്കും.</u>
2. 2016 ഏപ്രിൽ ഒന്നോടു കൂടി <u>എക്സൈസ് വകുപ്പിലെ എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കും.</u>
3. സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്ററിൽ ഒരു സ്റ്റേറ്റ് ഓഫ് ദി ആർട്ട് കെമിക്കൽ ലാബും ആധുനിക ലൈബ്രറിയും റിസർച്ച് സെന്ററിന്റെ ഭാഗമായി റിസർച്ച് ഓഫീസിലേക്കാവശ്യമായ ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കും.
4. ശരിയായ ദിശയിൽ മദ്യ മയക്കമരുന്ന് ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തൃശ്ശൂരിലുള്ള **<u>എക്സൈസ് അക്കാദമി കേന്ദ്രീകരിച്ച് പഠനഗവേഷണകേന്ദ്രം സ്ഥാപിക്കും.</u>**
5. എക്സൈസ് വകുപ്പ് മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന മേഖലകളിലും ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചും **<u>ബോർഡർ പട്രോളിംഗ് ശക്തമാക്കും.</u>**

6. പ്രധാനപ്പെട്ട കേസുകളിലെയും അന്തർ സംസ്ഥാനബന്ധമുള്ള കേസുകളിലെയും പ്രതികളെ കണ്ടുപിടിക്കുന്നതിനും പ്രതികളെ അറസ്റ്റുചെയ്യുന്നതിനും ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ കീഴിൽ എക്സൈസ് വകുപ്പിലെ മറ്റ് സീനിയർ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി **<u>എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിക്കും.</u>**

7. **മദ്യഉപഭോഗത്തിൽ നെഗറ്റീവ് വളർച്ച (-18%)**

കഴിഞ്ഞ നാല് വർഷങ്ങളിൽ സ്വീകരിച്ച കർക്കശമായ നിലപാടുകളുടെയും ലഹരിവിരുദ്ധ പദ്ധതികളുടെയും തീരുമാനങ്ങളുടെയും ഫലമായി മദ്യഉപഭോഗത്തിലും വില്പനയിലും ഗണ്യമായ കുറവ് ഉണ്ടാക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞു എന്ന വസ്തുത അഭിമാനത്തോടെ ഓർക്കുന്നു. കണക്കുകൾ തന്നെ സത്യം പറയട്ടെ. മദ്യഉപഭോഗത്തിലും വില്പനയിലും നെഗറ്റീവ് വളർച്ചയിലൂടെയാണ് 2013 മുതൽ സംസ്ഥാനം കടന്നു പോകുന്നത്. 2010-ൽ മുൻ വർഷത്തെ അപേക്ഷിച്ച് വിദേശമദ്യ വില്പനയുടെ വർദ്ധനവിന്റെ തോത് 17% ആയിരുന്നു. 2011-12 ൽ ഇത് 11% ആയി കുറഞ്ഞു. 2012-13 ൽ മദ്യവില്പനയുടെ വർദ്ധനവിന്റെ തോത് ഒരു ശതമാനമായി കുറഞ്ഞു. 2013-14 ൽ നെഗറ്റീവ് (-1) ശതമാനം വളർച്ചയാണുണ്ടായത്. 2014-15 ൽ (-) 8% ആയി വില്പന കുത്തനെ ഇടിഞ്ഞു. ഇപ്പോൾ 2015 ഏപ്രിൽ-ജൂണിൽ ഇത് -18% ആയി വീണ്ടും കുറഞ്ഞു.

8. **ലഹരി വിരുദ്ധ പാഠങ്ങൾ പാഠ്യപദ്ധതിയിൽ**

സംസ്ഥാനത്തെ അഞ്ചു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിലെ സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരി വിരുദ്ധ സന്ദേശങ്ങളുള്ള പാഠങ്ങൾ ഉൾക്കൊള്ളിക്കുവാൻ ഉമ്മൻ ചാണ്ടി സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതു പ്രകാരം ഈ വർഷം അഞ്ച്, ഏഴ്, ഒൻപത് ക്ലാസുകളിലെ പാഠ്യപദ്ധതിയിൽ ലഹരി വിരുദ്ധ പാഠഭാഗങ്ങൾ ഉൾപ്പെടുത്തി. ആറ്, ഏഴ്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ളാസുകളിലെ പാഠ്യപദ്ധതിയിൽ അടുത്ത വർഷം മുതൽ ലഹരി വിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തും.

9. **ഓപ്പറേഷൻ യുവ ശക്തമാക്കും.**

2015 ജൂൺ 19-ന് 14 ജില്ലകളിലും സ്കൂൾ-കോളേജ് പരിസരങ്ങളിൽ നടത്തിയ റെയ്ഡാണ് ഓപ്പറേഷൻ യുവ. ഇതിന് ഞാൻ നിർദ്ദേശം നൽകുമ്പോൾ എന്റെ മനസ്സിലുണ്ടായിരുന്നത് ചില മാദ്ധ്യമവാർത്തകളായിരുന്നു. 795 കേസ്സുകളാണ് ഈ ഓപ്പറേഷനിൽ അന്നേ ദിവസം രജിസ്റ്റർ ചെയ്തത്. സംസ്ഥാനത്തെ സ്കൂൾ-കോളേജുകൾ കേന്ദ്രീകരിച്ച് ആരംഭിച്ച ഓപ്പറേഷൻ യുവ കൂടുതൽ ശക്തമാക്കും. സ്കൂളുകളെയും കോളേജുകളെയും ലഹരിയുടെ നീരാളിപിടുത്തത്തിന് വിട്ടുകൊടുക്കുവാൻ യു.ഡി.എഫ്. സർക്കാർ തയ്യാറല്ല.

10. **എൻ.ഡി.പി.എസ്. ആക്ടിൽ ഭേദഗതി വരുത്തണം**

ഇങ്ങനെയൊക്കെയാണെങ്കിലും ഈ ആക്ടിന് ധാരാളം പഴുതുകളുണ്ട്.

അതിനാൽ 1985 ലെ നാർക്കോട്ടിക് ഡ്രഗ്സ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസ് (എൻ.ഡി.പി.എസ്.) ആക്ടിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് 2014 ജൂലൈയിൽ കേന്ദ്ര സർക്കാരിന് ഞാൻ കത്തയച്ചിരുന്നു. 1985-ൽ നിലവിൽ വന്ന കേന്ദ്ര നിയമത്തിലാണ് ഭേദഗതി ആവശ്യപ്പെട്ടത്. നിലവിൽ ഒരു കിലോ വരെ കഞ്ചാവ് കൈവശം വയ്ക്കുന്നത് ചെറിയ അളവായാണ് കണക്കാക്കുന്നത്. ഇത് ജാമ്യം കിട്ടുന്ന വകുപ്പായാണ് നിലവിലുള്ള ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതിനാൽ നിലവിലുള്ള വ്യവസ്ഥയായ ഒരു കിലോ എന്നുള്ള അളവ് 100 ഗ്രാമമായി കുറയ്ക്കണമെന്നാണ് സംസ്ഥാന സർക്കാർ കത്തിൽ ആവശ്യപ്പെട്ടത്.

11. **ഡി-അഡിക്ഷൻ സെന്ററുകളെ പ്രോത്സാഹിപ്പിക്കും**

ഡി-അഡിക്ഷൻ സെന്ററുകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാരിന്റേത്. സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന ലഹരിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് കെ.എസ്.ബി.സി.-യുടെ സാമൂഹ്യപ്രതിബദ്ധതാ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം നൽകി. 11 ലഹരിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ആകെ 1,00,35,840 രൂപയാണ് കഴിഞ്ഞ വർഷം നൽകിയത്.

12. **മൊബൈൽ ടെസ്റ്റിംഗ് ലാബ്**

മദ്യത്തിന്റെയും കള്ളിന്റെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും

ദോഷകരമായ അന്യവസ്തുക്കൾ കലർന്നിട്ടില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനായി സൗത്ത് സോണിൽ ഒരു മൊബൈൽ ലാബറട്ടറി പ്രവർത്തനം 2013-14 ൽ പ്രവർത്തനം ആരംഭിച്ചു. മധ്യമേഖലയിലേത് തയ്യാറായി കഴിഞ്ഞു. ***ഇത് കൂടാതെ ഉത്തരമേഖലയിലും 40 ലക്ഷം രൂപ ചെലവിൽ മൊബൈൽ ടെസ്റ്റിംഗ് ലാബറട്ടറി ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.***

## വിദേശ മദ്യ വില്പന

2010-11 ൽ വിദേശ മദ്യവില്പനയിലെ വർദ്ധനവ് 16 ശതമാനമായിരുന്നു. ഈ സർക്കാരിന്റെ ശക്തമായ മദ്യവിരുദ്ധ ബോധവത്ക്കരണങ്ങളുടെ ഫലമായി വർദ്ധനവ് ഗണ്യമായി കുറച്ചുകൊണ്ടുവരുവാൻ സാധിച്ചു.

| | | |
|---|---|---|
| 2010-11 | - | 16% |
| 2011-12 | - | 11% |
| 2012-13 | - | 1% |
| 2013-14 | - | (-) 1% |
| 2014-15 | - | (-) 8% |

അതായത് 2010-11-മായി താരതമ്യപ്പെടുത്തുമ്പോൾ 2015 മാർച്ചിൽ വിദേശ മദ്യത്തിന്റെ വില്പനയിൽ 24 ശതമാനത്തിന്റെ കുറവ്

2015-16 സാമ്പത്തിക വർഷം വിദേശ മദ്യ വില്പനയിൽ 19 ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിലവിൽ പ്രതിദിന

വില്പനയിലെ കുറവ് ഒരു ലക്ഷത്തി ഇരുപതിനായിരം ലിറ്ററാണ്.

## ടോഡി ബോർഡ്

പരമ്പരാഗത മേഖലയായ കള്ള് ചെത്ത് മേഖലയെ പൂർണ്ണമായും സംരക്ഷിക്കുന്ന നയമാണ് ഈ സർക്കാരിന്റേത്. ഇതിനകം തന്നെ ഒട്ടനേകം പുതിയ ആനുകൂല്യങ്ങൾ ഈ മേഖലയ്ക്ക് വേണ്ടി ഈ സർക്കാർ നൽകിക്കഴിഞ്ഞു.

ഈ മേഖലയുടെ പ്രോത്സാഹനത്തിനും സംരക്ഷണത്തിനും വേണ്ടി ടോഡി ബോർഡ് രൂപീകിരിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കു വേണ്ടി ഒരു കോടി രൂപ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## മയക്കു മരുന്നു കേസുകളുടെ എണ്ണത്തിൽ വർദ്ധന

2011-ൽ 333 എൻ.ഡി.പി.എസ്. കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തത്. എന്നാൽ 2014-ൽ ഇത് 970 കേസുകളായി ഉയർന്നു. അതായത് 291%-ന്റെ വർദ്ധന.

അതുപോലെ പിടിക്കപ്പെടുന്ന ആളുകളുടെ എണ്ണവും ക്രമാതീതമായി വർദ്ധിക്കുന്നതായാണ് കണക്കുകൾ. 2011-ൽ 294 പേരെ മയക്കുമരുന്ന് കേസുകളിൽ പ്രതികളായി പിടിക്കപ്പെട്ടുവെങ്കിൽ 2014-ൽ ഇത് 1098 ആയി ഉയർന്നു. 305% വർദ്ധന. ഈ വർഷവും മയക്കുമരുന്ന് കേസുകളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായി.

## സുബോധം

- ഒരു ലക്ഷം പേരെ ഒരു വർഷം കൊണ്ട് മദ്യാസക്തിയിൽ നിന്നും ലഹരിയിൽ നിന്നും വിമുക്തരാക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു.
- എക്സൈസ് മന്ത്രിയുടെ നേതൃത്വത്തിലുള്ള ഒരു അപെക്സ് കമ്മിറ്റി ആയിരിക്കും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- സാമൂഹിക, മത, സാംസ്കാരിക, കലാ മേഖലകളിലുള്ള പ്രമുഖർ, ജില്ലാ കളക്ടർമാർ, കുടുംബശ്രീ, എൻ.ആർ.എച്ച്.എം. ഉദ്യോഗസ്ഥർ എന്നിവരും സുബോധത്തിന്റെ ഭാഗമായിരിക്കും.
- മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ (Demand Reduction) സർക്കാർ, മദ്യ നയത്തിന്റെ ഭാഗമായും, ശക്തമായ എൻഫോഴ്സ്മെന്റിലൂടെയും നടപടിയെടുക്കുമ്പോൾ തന്നെ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ആവശ്യം കുറയ്ക്കൽ (Demand Reduction) ദുരിത ലഘൂകരണം (Harm Reduction), ശാസ്ത്രീയമായ പഠനം, ഗവേഷണം (Research, Monitoring and Documentation) എന്നീ 3 മേഖലയിൽ ആയിരിക്കും, സുബോധം ശ്രദ്ധ കേന്ദ്രീകരിക്കുക.

## ഫിഷറീസ് വകുപ്പ്

- **5000 മത്സ്യത്തൊഴിലാളികൾക്ക് സൗജന്യഭവനങ്ങൾ**

ഈ സാമ്പത്തിക വർഷം ഭവന രഹിതരായ 5000

മത്സ്യത്തൊഴിലാളികൾക്ക് പുതിയ ഭവനം നിർമ്മിക്കുന്നതിനുള്ള ധന സഹായം നൽകുന്നതിന് 100 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കും.

- **4000 മത്സ്യത്തൊഴിലാളി ഭവനങ്ങൾ നവീകരിക്കും**

നടപ്പ് സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികളുടെ 4000 ഭവനങ്ങൾ നവീകരിക്കുന്നതിന് 19 കോടി രൂപ ചെലവഴിക്കും.

- **3400 മത്സ്യത്തൊഴിലാളികൾക്ക് സൗജന്യഭവനങ്ങൾ**

സ്വന്തമായി ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് കഴിഞ്ഞ വർഷത്തിൽ അപേക്ഷ നൽകിയ അർഹരായവരിൽ, അവശേഷിക്കുന്ന 3400 അപേക്ഷകർക്കും പുതിയ ടോയ്‌ലറ്റ് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് 5.95 കോടി രൂപ ഈ വർഷം ചെലവഴിക്കും.

- **മത്സ്യബോർഡ് വഴി 50000/- രൂപയുടെ ധനസഹായം**

മത്സ്യ സംസ്കരണ മേഖലയിലെ വനിതാ തൊഴിലാളികൾക്ക് ഗർഭാശയ രോഗങ്ങളും, തൊഴിൽ മേഖലയിലെ കാഠിന്യവും പ്രതികൂല സാഹചര്യങ്ങളും മൂലം സ്ത്രീകൾക്കുണ്ടാകുന്ന ഇതര കടുത്ത രോഗാവസ്ഥകളുടെയും ചികിത്സയ്ക്ക് 50,000/- രൂപ വരെയുള്ള ധന സഹായം മത്സ്യബോർഡ് വഴി അനുവദിക്കും.

- **മത്സ്യസമൃദ്ധിയുടെ രണ്ടാം ഘട്ടം 2015-ൽ ആരംഭിക്കും**

മത്സ്യസമൃദ്ധി പദ്ധതിയുടെ ഒന്നാംഘട്ട വിജയത്തിന്റെ അടിസ്ഥാനത്തിൽ

മത്സ്യ സമൃദ്ധി പദ്ധതിയുടെ രണ്ടാംഘട്ടം 2015-2018 കാലയളവിൽ നടപ്പിലാക്കും. ഇതു വഴി ഒന്നര ലക്ഷം ടൺ മത്സ്യം അധികമായി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 110 കോടി രൂപ ചെലവഴിക്കും.

- **പുതിയ അക്വാ പാർക്കുകൾ**

തദ്ദേശീയ മത്സ്യ ഇനങ്ങളുടെ സംരക്ഷണത്തിനായി കോട്ടയം ജില്ലയിലെ പള്ളം, വയനാട് ജില്ലയിലെ പൂക്കോട് എന്നിവിടങ്ങളിൽ അക്വാ പാർക്കുകൾ സ്ഥാപിക്കും. ഇതിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞു.

- **ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റുകൾ സ്ഥാപിക്കും**

യന്ത്രവൽകൃത മത്സ്യബന്ധനയാനങ്ങളിൽ തിരിച്ചറിയുന്നതിന് ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റുകൾ സ്ഥാപിക്കും. യന്ത്രവൽകൃത ബോട്ടുകൾക്ക് ദേശീയ കളർകോഡിംഗ് നടപ്പിലാക്കിവരുന്നു.

- **മത്സ്യലേലം - മത്സ്യവില്പന: നിയമനിർമ്മാണം നടത്തും**

മത്സ്യലേലവും, മത്സ്യവില്പനയും നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതാണ്.

- **തീരദേശ വികസനത്തിന് 81.97 കോടി രൂപ**

തീരദേശ അടിസ്ഥാന സൗകര്യ വികസനത്തിനും, മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമായി 81.97 കോടി രൂപ പ്രത്യേകമായി ചെലവഴിക്കും.

- **തീരനൈപുണ്യ പദ്ധതി നടപ്പിലാക്കും**

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവതികൾക്കും പെൺകുട്ടികൾക്കും വിദഗ്ദ്ധ പരിശീലനം നൽകി ജോലി ലഭ്യമാക്കുന്നതിന് "തീര നൈപുണ്യ" പദ്ധതി നടപ്പിലാക്കും. ആദ്യഘട്ടത്തിൽ 600 പേർക്ക് ഈ പദ്ധതി വഴി പ്രയോജനം ലഭിക്കും.

- **വിദ്യാതീരം പദ്ധതി നടപ്പിലാക്കും**

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ് പരീക്ഷാ പരിശീലനം നൽകുന്നതിന് "വിദ്യാതീരം" പദ്ധതി നടപ്പിലാക്കും.

- **2015 മുതൽ ഇ-ഗ്രാൻസ് പദ്ധതി**

മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിതരണം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന് പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാൻസ് പദ്ധതി 2015-16 വർഷം മുതൽ നടപ്പിലാക്കും.

- **കൃത്രിമപാരുകൾ സ്ഥാപിക്കും**

കടൽമത്സ്യ സമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി തിരുവനന്തപുരം

ജില്ലയിലെ അടിമലത്തുറ, മര്യനാട് എന്നിവിടങ്ങളിൽ കൃത്രിമ പാരുകൾ സ്ഥാപിക്കും.

- **<u>വരുമാന പരിധി വർദ്ധിപ്പിക്കും</u>**

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന വിവിധ ആനുകൂല്യങ്ങൾക്കുള്ള വാർഷിക വരുമാന പരിധി നിലവിലുള്ള 15,000 രൂപയിൽ നിന്നും 50,000 രൂപയായി ഉയർത്തും.

- **<u>മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിനായി മത്സ്യഫെഡ് വഴി വെള്ള മണ്ണെണ്ണ വിതരണം</u>**

കേരളത്തിലെ മത്സ്യബന്ധന രംഗത്ത് അനുഭവിച്ചു വരുന്ന രൂക്ഷമായ ഇന്ധനക്ഷാമത്തിന് ശാശ്വത പരിഹാരം കാണുവാനും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമാകുന്നതിനുമായി മത്സ്യഫെഡ് മുഖേന വെള്ള മണ്ണെണ്ണ സബ്സിഡിയോടുകൂടി (ലിറ്ററിന് 25/- രൂപ പ്രകാരം) മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന നൂതന പദ്ധതിക്ക് സർക്കാർ 100 കോടി രൂപ 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതും ആയതിൽ 2014-15 കാലയളവിലെ മാർച്ച് മാസത്തിനു വേണ്ടി സബ്സിഡിയായി 806 ലക്ഷവും. അടിസ്ഥാനസൗകര്യ വികസനത്തിനായി 325 ലക്ഷം രൂപ ഉൾപ്പെടെ 1131 ലക്ഷം രൂപ മത്സ്യഫെഡിന് ലഭ്യമാക്കിയിട്ടാണ്. കേരളത്തിലെ 9

തീരദേശ ജില്ലകളിലായി 12 മണ്ണെണ്ണ ബാങ്കുകൾ വഴിയാണ് പ്രതിമാസം 3225 കെ.എൽ. മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത്. ഈ പദ്ധതിയുടെ ഉദ്ഘാടനം ജൂലായ് മാസം 14 ന് തീരുമാനിച്ചിരിക്കുന്നു.

## ഓഷ്യനേറിയം ആന്റ് മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ

എറണാകുളം, പുതുവൈപ്പ് വില്ലേജിൽ (റിസർവ്വേ നമ്പർ 238/1) 480 കോടി രൂപ ചെലവ് വരുന്ന ഓഷ്യനേറിയം ആന്റ് മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതാണ്. ഈ പദ്ധതിയ്ക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും (എളംകുന്നപ്പുഴ ഗ്രാമപഞ്ചായത്ത്) അനുമതി ലഭിച്ചു കഴിഞ്ഞു.

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി ഈ പദ്ധതിക്കായുള്ള പാരിസ്ഥിതിക, തീരദേശ മേഖല അനുമതി സംബന്ധിച്ച അപേക്ഷ പരിഗണിക്കുകയും, കേന്ദ്രത്തിൽ നിന്നുള്ള അനുമതിക്കായി ശുപാർശയും ചെയ്തു കഴിഞ്ഞു. കേന്ദ്ര പാരിസ്ഥിതി അനുമതി മൂന്ന് മാസത്തിനകം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അനുമതി ലഭിച്ചാലുടൻ ആഗോള ടെണ്ടറിലൂടെ പദ്ധതി നടപ്പിലാക്കുന്നത്.

## കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല

### പുതിയ കോഴ്സുകൾ

2015-16 അധ്യയന വർഷം 5 പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകളും

ഒരു പിജി ഡിപ്ലോമ കോഴ്സും ആരംഭിക്കും. എം എസ് സി മറൈൻ കെമിസ്ട്രി; എം ബി എ എനർജി മാനേജ്മെന്റ്; എം ടെക് ഫിഷറീസ് എഞ്ചിനീയറിംഗ്, എം ടെക് ഓഷ്യൻ ആന്റ് കോസ്റ്റൽ സേഫ്റ്റി എഞ്ചിനീയറിംഗ്, എം ടെക് കോസ്റ്റൽ ആന്റ് ഹാർബർ എഞ്ചിനീയറിംഗ്; പി ജി ഡിപ്ലോമ ഇൻ മാരിടൈം ലോ എന്നിവയാണ് പുതുതായി തുടങ്ങുന്ന കോഴ്സുകൾ. നിലവിലെ എൽ എൽ എം കോഴ്സ് ഈവനിംഗ് കോഴ്സായി മാറ്റും.

**ഫുഡ് പ്രോസസിംഗ് ലബോറട്ടറി സ്ഥാപിക്കും**

എം എസ് സി ഫുഡ് സയൻസ് കോഴ്സ് പൂർണാർത്ഥത്തിൽ ഫലപ്രദമാക്കുന്നതിന് 200 ലക്ഷം രൂപ ചിലവിൽ ഫുഡ് പ്രോസസിംഗ് ലബോറട്ടറി സ്ഥാപിക്കും. ഇതിനായി എക്സ്റ്റേൺ ഫണ്ടിംഗിനുള്ള സാധ്യതകൾ ആരായും.

**പുതിയ ഫിഷറീസ് കോളേജുകൾ**

ഫിഷറീസ് വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് കൊല്ലം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽ പുതിയ ഫിഷറീസ് കോളേജുകൾ സ്ഥാപിക്കും.

**ഫിഷറീസ് പോളിടെക്നിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കും**

കൂടുതൽ വിദ്യാർത്ഥികളെ ഈ മേഖലയിലേക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ തൊഴിലധിഷ്ഠിതവും മിഡിൽ ലവൽ വൈദഗ്ധ്യം നേടുന്നതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന ഫിഷറീസ് പോളിടെക്നിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കും.

**മാസ്സീവ് ഓൺലൈൻ ഓപ്പൺ കോഴ്സുകൾ ആരംഭിക്കും**

ഫിഷറീസ് സമുദ്രപഠന വിദ്യാഭ്യാസം കൂടുതൽ ജനകീയമാക്കുക, കൂടുതൽ പേരിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന 13 മേഖലകളിൽ മാസ്സീവ് ഓൺലൈൻ ഓപ്പൺ കോഴ്സുകൾ ആരംഭിക്കും.

- ബയോഡൈവേഴ്സിറ്റി അസസ്മെന്റ് ആന്റ് മാനേജ്മെന്റ്
- ബയോ ഇൻഫർമാറ്റിക്സിൽ സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സ്
- ബ്രാക്കിഷ് വാട്ടർ അക്വാകൾച്ചർ
- മറൈൻ ഓർണമെന്റൽ ഫിഷ് കീപ്പിംഗ്
- മീറ്ററോളജി
- ഫുഡ് സേഫ്റ്റി ആന്റ് ക്വാളിറ്റി അഷുറൻസ്
- അവയർനസ് ഓൺ മറൈൻ ഫിഷറീസ് ഓഫ് കേരള
- മാനേജ്മെന്റ് ഓഫ് ഫ്രഷ് വാട്ടർ അക്വാറിയം
- പിജി ഡിപ്ലോമ ഇൻ ഓഷ്യനോഗ്രാഫി
- ജിയോടെക്നോളജി (സർട്ടിഫിക്കറ്റ് കോഴ്സ്)
- ഡിസാസ്റ്റർ മാനേജ്മെന്റ് (സർട്ടിഫിക്കറ്റ് കോഴ്സ്)
- ബുക്ക് കീപ്പിംഗ് ആന്റ് ക്യാഷ് ബുക്ക് മെയിന്റനൻസ് (സർട്ടി

ഫിക്കറ്റ് കോഴ്സ്)

- ലോ ഓഫ് ദ സീ (സർട്ടിഫിക്കറ്റ് കോഴ്സ്)

മേൽപറഞ്ഞ നിർദ്ദേശങ്ങൾക്ക് പുറമെ, പുതിയതലമുറയിലെ സീഫുഡ് പ്ലാന്റ് മാനേജർമാർക്കും വ്യാവസായിക നേതാക്കൾക്കും സാങ്കേതിക-നേതൃത്വ പരിശീലനം നൽകുന്നതിന് വേണ്ടി സീഫുഡ് പ്രോസസേഴ്സ് ലീഡർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും.

ഫിഷറീസ്, ഫിഷ് പ്രോസസിംഗ്, ഫിഷ് സീഡ് പ്രൊഡക്ഷൻ, ഫിഷിംഗ് ടെക്നോളജി, അക്വാകൾച്ചർ എന്നീ മേഖലകളിൽ ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നതിന് ഒരു ടെക്നിക്കൽ ആന്റ് വൊക്കേഷണൽ എഡ്യൂക്കേഷൻ ആന്റ് ട്രൈനിംഗ് സെന്റർ (സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിശീലന കേന്ദ്രം-ടി വി ഇ ടി) സ്ഥാപിക്കും. തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനും കാര്യക്ഷമമായ പരിശീലന പരിപാടികളിലൂടെ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർധിപ്പിക്കാനും ഈ കേന്ദ്രം പ്രയോജനപ്പെടും.

**പുതുതായി തുടങ്ങുന്ന ഗവേഷണ കേന്ദ്രങ്ങളും ഗവേഷണ പദ്ധതികളും**

**(a) സെന്റർ ഫോർ ഫോസ്റ്ററിംഗ് സോഷ്യൽ റെസ്പോൺസിബിലിറ്റി ആന്റ് കമ്യൂണിറ്റി എംഗേജ്മെന്റ്**

മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനും പരിശീലനം, സ്കിൽ ഡെവലെപ്മെന്റ് എന്നിവയിലൂടെ അവരിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ ഗവേഷണ കേന്ദ്രം

സ്ഥാപിക്കുന്നത്.

**(b) സെന്റർ ഫോർ വെമ്പനാട് ആന്റ് ശാസ്താംകോട്ട ലേക്ക് ഇക്കോ സിസ്റ്റം അസസ്മെന്റ് ആന്റ് കൺസർവേഷൻ**

തീരദേശ മേഖലകളിലെ കായലുകളുടെയും അഴിമുഖങ്ങളുടെയും വെള്ളത്തിന്റെ പ്രത്യേകതകളെക്കുറിച്ചും ആന്തരിക ഘടനകളെക്കുറിച്ചും ശാസ്ത്രീയമായ പഠനങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഗവേഷണകേന്ദ്രമാണ് ഇത്. പ്രകൃതിപരമായ ഇത്തരം ജലാശയങ്ങളെക്കുറിച്ചും ഇവയുടെ ജൈവീകമൂല്യങ്ങളെക്കുറിച്ചും കാലാവസ്ഥാവ്യതിയാനം മൂലം ഇവയിൽ വരുന്ന മാറ്റത്തെക്കുറിച്ചും ഈ ഗവേഷണ കേന്ദ്രം പഠനം നടത്തും.

(c) MPEDA, ചെന്നൈയിലുള്ള CIBA എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് കേരളത്തിനനുയോജ്യമായ ഒരുജല, സമുദ്രജല കൃഷിരീതികൾ വികസിപ്പിക്കും. ഇതുവഴി, പുതിയ മത്സ്യഇനങ്ങളായ പൊംപാനോ, കോബിയ, വനാമി ചെമ്മീൻ എന്നിവയുടെ കൃഷി പ്രചരിപ്പിക്കും.

**(d) സെന്റർ ഫോർ അഡ്വാൻസ്ഡ് റിസർച്ച് ഇൻ ഫുഡ് സേഫ്റ്റി, ഫുഡ് മൈക്രോബയോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ്**: ഫുഡ് സേഫ്റ്റി, മൈക്രോബയോളജി ആന്റ് ക്വാളിറ്റി അഷ്വറൻസിന്റെ മികവിന്റെ കേന്ദ്രമായി പ്രവർത്തിക്കും. ഭക്ഷ്യവസ്തുക്കളുടെ, പ്രത്യേകിച്ചും സീഫുഡിന്റെ ഗുണനിലവാര പരിശോധന, വിശിഷ്യ രാസവസ്തുക്കളും കൂടനാശിനികളും മറ്റ് വിഷാംശങ്ങളും ഭക്ഷണപദാർത്ഥങ്ങളിൽ കലർന്നിട്ടിട്ടുണ്ടോയെന്നുള്ള

പരിശോധനകൾക്കും കേന്ദ്ര നേതൃത്വം നൽകും.

(e) **സെന്റർ ഫോർ അഡ്വാൻസ്ഡ് ഫാക്കൽട്ടി ട്രെയിനിംഗ് (CAFT):** മുംബൈയിൽ സ്ഥിതി ചെയ്യുന്ന സി ഐ എഫ് ഇ യിലെ CAFT മാതൃകയിലായിരിക്കും ഈ കേന്ദ്രം പ്രവർത്തിക്കുക. ദക്ഷിണേന്ത്യയിൽ ഇതുപോലൊരു കേന്ദ്രം പ്രവർത്തിക്കുന്നില്ല. ഫിഷറീസ് സമുദ്രപഠന മേഖലകളിലെ അധ്യാപകർക്കും ശാസ്ത്രജ്ഞർക്കും ഈ കേന്ദ്രത്തിൽ പരിശീലനം നൽകും.

(f) കേരളത്തിലെ തദ്ദേശീയ മത്സ്യങ്ങൾ, മത്സ്യകൃഷിക്കും അലങ്കാരമത്സ്യകൃഷിക്കും ഉപയോഗിക്കുവാൻ ജൈവവൈവിധ്യ ഉപയോഗ സൂചിക വർദ്ധിപ്പിക്കുന്നതിനു ഊന്നൽ നൽകുന്ന ഗവേഷണ കേന്ദ്രം സ്ഥാപിക്കും.

(g) പ്രശസ്തനായ സമുദ്രശാസ്ത്രജ്ഞൻ പ്രൊഫ.(ഡോ.) കെ. എൻ. പണിക്കരുടെ പേരിൽ സമുദ്രഗവേഷണ ചെയർ സ്ഥാപിക്കും.

(h) സർവകലാശാല ആസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബിസിനസ് ഇൻകുബേഷൻ സെന്ററും സ്റ്റാർട്ട് അപ്പ് വില്ലേജുകളും തുടങ്ങും.

## കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

## " ഡ്രീഷ്കേരള" ജൂലൈ 4-ന് വിപണിയിലെത്തിക്കും

ശുചിത്വമായ അന്തരീക്ഷത്തിൽ സോളാർ ഡ്രയറിൽ ഉണക്കിയെടുത്ത് ആധുനിക പാക്കേജിംഗ് സംവിധാനം ഉപയോഗിച്ച് പായ്ക്ക് ചെയ്ത ഉണക്ക മത്സ്യങ്ങൾ " ഡ്രിഷ്കേരള" എന്ന ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നു. ആദ്യഘട്ടത്തിൽ മലബാർ ഡ്രൈഡ് ആഗോവി, അഷ്ടമുടി ഡ്രൈഡ് പിങ്ക് ഷ്രിംബ്, നീണ്ടകര ഡ്രൈഡ് മറൈൻ ഷ്രിംബ്, എന്നീ ഉല്പന്നങ്ങളാണ് വിപണിയിലെത്തിക്കുന്നത്.

സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ് ശുചിത്വവും ഗുണമേന്മയും ഉറപ്പാക്കി ഉണക്കമത്സ്യത്തെ ബ്രാൻഡാക്കുന്നത്. ഡ്രിഷ് എന്ന ബ്രാൻഡിനു കീഴിൽ നീണ്ടകര കരിക്കാട് ചെമ്മീൻ, അഷ്ടമുടി തെള്ളിച്ചെമ്മീൻ, മലബാർ നെത്തോലി എന്നിവ ജൂണിൽ വിപണിയിലെത്തും. കൊല്ലത്ത് ശക്തികുളങ്ങരയിൽ ഒന്നരക്കോടി മുടക്കി സജ്ജമാക്കിയ അത്യാധുനിക പ്ലാന്റിൽ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉത്പാദനം ആരംഭിച്ചു കഴിഞ്ഞു. 50 ഗ്രാം പാക്കുകളിൽ മുതൽ ലഭ്യമാവും. കൊച്ചിയിൽ നടക്കുന്ന ചടങ്ങിൽ ഡ്രിഷ് കേരള പുറത്തിറക്കുമെന്ന് കോസ്റ്റൽ ഏരിയാ ഡവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഡോ. കെ. അമ്പാടി പറഞ്ഞു. രാജ്യത്താദ്യമായാണ് ഒരു സംസ്ഥാനം ബ്രാൻഡ് ചെയ്ത ഉണക്കമത്സ്യം പുറത്തിറക്കുന്നത്.

## മത്സ്യസമൃദ്ധി II

സംസ്ഥാനത്തിന്റെ ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന്

ലഭ്യമിട്ട് കേരളസർക്കാർ ഫിഷറീസ് വകുപ്പ് മുഖേന 2012-15 കാലയളവിൽ നടപ്പാക്കിയ മത്സ്യ സമൃദ്ധി ഒന്നാം ഘട്ട പദ്ധതിയ്ക്ക് വമ്പിച്ച ജനകീയ പിന്തുണ നേടാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതിയുടെ ഗുണഫലങ്ങൾ വ്യാപകമായി ലഭ്യമാക്കാൻ കഴിഞ്ഞതിലൂടെ ഉൾനാടൻ മത്സ്യകർഷകരും മത്സ്യത്തൊഴിലാളി നേതാക്കൻമാരും ജനപ്രതിനിധികളും ടി പദ്ധതി വീണ്ടും നടപ്പിലാക്കണമെന്ന് സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം സർക്കാർ അനുകൂലമായി പരിഗണിയ്ക്കുകയും സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 14 ജില്ലകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 2015 മുതൽ 2018 വരെ 3 വർഷക്കാലയളവിൽ 317.46 കോടി രൂപ മൊത്തം ചെലവ് പ്രതീക്ഷിക്കുന്നതും 110.73 കോടി രൂപ സബ്സിഡിയിനത്തിൽ വകയിരുത്തിയിട്ടുള്ളതുമായ പുതിയ ഒരു പദ്ധതിയ്ക്ക് **മത്സ്യസമൃദ്ധി II** എന്ന പേരിൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. (സർക്കാർ ഉത്തരവ് നം (SSI) 27/15/എഫ് & ഫി. ഡി. തീയതി 02/06/2015). ഈ പദ്ധതി സംസ്ഥാന സർക്കാർ, ആർ. കെ. വി. വൈ, എഫ്. എഫ്. ഡി. എ. എന്നിവിടങ്ങളിൽ നിന്നുള്ള ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടുതൽ പദ്ധതിഘടകങ്ങൾ ഉൾപ്പെടുത്തിയും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കിയുമാണ് പുതിയ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രധാന ഘടകങ്ങൾ

താഴെപ്പറയുന്നവയാണ്.

- കുളങ്ങളിലെയും ഇതര ജലസംഭരണികളിലെയും ശുദ്ധജല മത്സ്യ കൃഷി
- പാടശേഖരങ്ങളിലേയും കോൾപാടങ്ങളിലെയും മത്സ്യ/ആറ്റുകൊഞ്ച് കൃഷി
- പൊക്കാളി/കൈപ്പാട് നിലങ്ങളിലെയും സ്വകാര്യ കുളങ്ങളിലെയും ചെമ്മീൻകൃഷി
- കരിമീൻ കൃഷി - വിവിധ രീതികൾ
- കരിമീൻ വിത്തുൽപ്പാദന യൂണിറ്റുകൾ
- ഞണ്ട്/കല്ലുമ്മേക്കായ/ചിപ്പികൃഷി
- പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ
- മത്സ്യകൃഷി പരിശീലന/ബോധവവൽക്കരണ പരിപാടികൾ
- മാതൃകാ കൂടുകൃഷി യൂണിറ്റുകൾ, മത്സ്യഫാമുകൾ
- സംയോജിത മത്സ്യകൃഷി
- പടുതാകുളങ്ങളിലെ മത്സ്യകൃഷി
- മത്സ്യമേഖലയിലെ സ്വയംതൊഴിൽ സംരംഭങ്ങൾ

- മത്സ്യകർഷക ക്ലബ്ബുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം, ശാക്തീകരണം, ഒറ്റത്തവണ പ്രവർത്തന മൂലധനം
- പി. സി. ആർ ടെസ്റ്റ് ഉൾപ്പെടെയുള്ള വിവിധ വിത്ത് പരിശോധനാ രീതികൾ
- ടെസ്റ്റിംഗ് കിറ്റുകൾ
- ചെറുകിട മത്സ്യകൃഷി സംരക്ഷണ പദ്ധതികൾ
- സൗജന്യ വിള ഇൻഷ്വറൻസ്
- മികച്ച കർഷകർക്ക് അവാർഡുകൾ
- ഫീൽഡ്തല സർവ്വേ യൂണിറ്റുകൾ
- സംസ്ഥാന / ജില്ലാതല എക്സ്റ്റെൻഷൻ പ്രവർത്തനങ്ങൾ
- മത്സ്യകൃഷി അടിസ്ഥാന സൗകര്യ വികസനങ്ങൾ
- കർഷകർക്കാവശ്യമായ കൈപുസ്തകങ്ങൾ/ലഘുലേഖകൾ/ ബ്രോഷറുകൾ തയ്യാറാക്കൽ

പദ്ധതി നടപ്പാക്കുന്നതിലൂടെ 129796.5 ടൺ ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ചും, 9900 ടൺ ചെമ്മീൻ, 9000 ടൺ കല്ലുമ്മേക്കായ, 450 ടൺ ഞണ്ട്, 271 ടൺ കരിമീൻ എന്നിവ അധികമായി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള

പദ്ധതിയിലൂടെ വിവിധ ഇനങ്ങളിലായി 4500 ടൺ അധിക മത്സ്യോത്പാദനവും ലക്ഷ്യമിടുന്നു. പദ്ധതിയിലൂടെ ഏകദേശം 1001.31 കോടി രൂപയുടെ മത്സ്യവിറ്റുവരവ് ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. ഉൾനാടൻ മത്സ്യമേഖലയിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിൽ ദിനങ്ങളുടെ ഗുണഫലം പ്രതിവർഷം ഏകദേശം ഒരുലക്ഷം മത്സ്യകർഷകർക്ക് ലഭിക്കും. ഓരോ വർഷവും 50000 ടൺ നിരക്കിൽ ആകെ 1.5 ലക്ഷം ടണ്ണിന്റെ അധിക ഉൾനാടൻ മത്സ്യോത്പാദനം ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

സംസ്ഥാന സർക്കാരിന്റെ ഒന്നാം വർഷ വിഹിതമായ 9.63 കോടി രൂപ 2015-16 ബഡ്ജറ്റിൽ വകയിരിത്തിയിട്ടുണ്ട്. മത്സ്യസമൃദ്ധി കക പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ജൂൺ മാസം മുതൽ തന്നെ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## തുറമുഖ വകുപ്പ്

**അഴീക്കൽ തുറമുഖം**

20 കോടി രൂപ വില മതിക്കുന്ന ഡ്രഡ്ജറും 14 കോടി രൂപ വിലവരുന്ന കണ്ടെയ്നർ ഹാന്റ്ലിംഗ് ക്രെയിനും 6 കോടി വിലവരുന്ന ടഗ്ഗും ലഭ്യമാക്കും. അഴീക്കൽ തുറമുഖത്ത് 10 കോടി രൂപ നബാർഡ് സഹായത്തിൽ ഗോഡൗണിന്റെ നിർമ്മാണം ആരംഭിക്കും.

**ബേപ്പൂർ തുറമുഖം**

ബേപ്പൂർ തുറമുഖത്ത് കണ്ടെയ്നർ ഹാന്റ്ലിംഗ് ക്രെയിൻ 14 കോടി രൂപ

ചെലവിൽ ലഭ്യമാക്കും. ബേപ്പൂർ തുറമുഖത്ത് നിന്ന് കണ്ടെയ്നർ തീരദേശ കപ്പൽ പദ്ധതി തുടങ്ങും. ബേപ്പൂരും അഴീക്കലും 2.6 കോടി രൂപയുടെ Container Reach Stacker ലഭ്യമാക്കും.

**പൊന്നാനി തുറമുഖം**

പൊന്നാനി തുറമുഖ നിർമ്മാണ പദ്ധതിക്ക് ഓഗസ്റ്റിൽ തറക്കല്ലിടും. ചെലവ് 763 കോടി. പൊന്നാനി തുറമുഖത്ത് സാന്റ് പ്യൂരിഫിക്കേഷൻ പ്ലാന്റ് തുടങ്ങും. (20 കോടി പി.പി.പി.)

**കൊടുങ്ങല്ലൂർ തുറമുഖം**

കൊടുങ്ങല്ലൂർ തുറമുഖത്ത് ചെലവു വരുന്ന വാർഫ്, അനുബന്ധ സൗകര്യങ്ങളുടെ നിർമ്മാണം തുടങ്ങും. 3½ ഡ്രാഫ്റ്റ് 6 മീറ്റർ ആക്കും. ഡ്രഡ്ജിംഗ് നടക്കുന്ന (6 കോടി) കൊടുങ്ങല്ലൂർ തുറമുഖത്ത് 10 കോടി രൂപ ചെലവിൽ മാരിടൈം ട്രെയിനിംഗ് സെന്റർ നിർമ്മാണം പൂർത്തിയാക്കി കോഴ്സുകൾ ആരംഭിക്കും. കൊടുങ്ങല്ലൂർ 10 കോടി രൂപ നബാർഡ് സഹായത്തിൽ ഗോഡൗണിന്റെ നിർമ്മാണം ആരംഭിക്കും.

**ആലപ്പുഴ തുറമുഖം**

ആലപ്പുഴ തുറമുഖത്ത് ഉൾനാടൻ ജലവാഹനങ്ങൾക്കായി 9 കോടി രൂപ ചെലവ് വരുന്ന ഡ്രൈഡോക്ക് സൗകര്യം ഏർപ്പെടുത്തും. 6 കോടി ചെലവിൽ ഉൾനാടൻ ജലാശയങ്ങളിൽ ഡ്രെഡ്ജിംഗ് നടത്തുന്നതിനായി ആംഫീബിയൻ ഡ്രെഡ്ജർ ലഭ്യമാക്കും. ആലപ്പുഴ തുറമുഖത്ത് മറീന ബീച്ച്

ഡെവലപ്പ്മെന്റ്/പാസഞ്ചർ ടെർമിനൽ എന്നിവ പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിക്കും.

**നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്**

നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കും -36 കോടി.

**കൊല്ലം തുറമുഖം**

കൊല്ലം തുറമുഖത്ത് 21 കോടി രൂപ ചെലവിലുള്ള പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം ആഗസ്റ്റിൽ ആരംഭിക്കും. ഫുഡ് കോർപ്പറേഷന്റെ കണ്ടെയ്നറുകൾ കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങൾ വഴി കൈകാര്യം ചെയ്യും. നിലവിൽ തൂത്തുക്കുടി തുറമുഖത്തു നിന്ന് റോഡ് വഴി കൊല്ലത്ത് എത്തുന്ന കശുവണ്ടി കൊല്ലം തുറമുഖം വഴി കൈകാര്യം ചെയ്യും.

**വലിയതുറ**

വലിയതുറ കടൽപ്പാലം നവീകരിക്കും. വലിയതുറ ഗോഡൗണുകൾ 75 ലക്ഷം രൂപ ചെലവിൽ നവീകരിക്കും.

**വിഴിഞ്ഞം തുറമുഖം**

വിഴിഞ്ഞം പുതിയ വാർഫിന്റെ നീളം 10 കോടി രൂപ ചെലവിൽ വർദ്ധിപ്പിക്കും. വിഴിഞ്ഞം പഴയ വാർഫ് 5 കോടി രൂപ ചെലവിൽ ബലപ്പെടുത്തും.

നിലവിലുള്ള വിഴിഞ്ഞം തുറമുഖത്ത് കണ്ടെയ്നർ ഹാന്റിലിംഗ് ക്രെയിൻ 14

കോടി രൂപ ചെലവിൽ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കും.

**ബങ്കറിംഗ് സർവ്വീസ്**

തീരദേശത്തു കൂടെ കടന്നു പോകുന്ന കപ്പലുകൾക്ക് ഇന്ധനം, സ്റ്റോർ, വെള്ളം തുടങ്ങിയവ നൽകുന്ന ബങ്കറിംഗ് സർവ്വീസ് നടപ്പിലാക്കും.

**ഭേദഗതി ചെയ്ത KIV റൂൾസ് നടപ്പിലാക്കും**

- **ജലപാതകളിൽ റൂട്ട് പെർമിറ്റ് സിസ്റ്റം ഏർപ്പെടുത്തും**

സംസ്ഥാനത്തെ ജലപാതകളിൽ അപകടം ഒഴിവാക്കുവാൻ റൂട്ട് പെർമിറ്റ് സിസ്റ്റം ഏർപ്പെടുത്തി കേരള സംസ്ഥാന ഉൾനാടൻ ജലയാന നിയമം 2010 ഭേദഗതി ചെയ്ത് ഉത്തരവായി. എല്ലാ ജലയാനങ്ങളും രണ്ട് വർഷത്തിലൊരിക്കൽ ഡ്രൈഡോക്ക് ചെയ്യണമെന്നത് മൂന്ന് വർഷമാക്കി ഉയർത്തി. അപ്പർ സെക്യൂറുള്ള എല്ലാ ജലയാനങ്ങളെയും 25 പേരിൽ കൂടുതൽ ആൾക്കാരെ കയറ്റാവുന്ന ഫൈബർ ഗ്ലാസ്സ് ബോട്ടുകളെയും കാറ്റഗറി എയിൽ നിന്നും സിയിലേക്ക് മാറ്റി. ഹൗസ് ബോട്ടുകളെയും കാറ്റഗറി എയിൽ നിന്നും സിയിലേക്ക് മാറ്റി. ഹൗസ്ബോട്ടുകളെ പ്രത്യേക കാറ്റഗറിയിലാക്കി. പുതിയ ഭേദഗതിയനുസരിച്ച് ഡാമുകളിലോടുന്ന 15 പേരിൽ കുറഞ്ഞ ശേഷിയുള്ള ബോട്ടുകൾക്ക് മറ്റ് ജലാശയങ്ങളിലോടുന്ന 50 പേരിൽ കവിയാത്ത സിംഗിൾ ഡെക്ക് ബോട്ടുകൾക്ക് നിലവിലുള്ള സ്റ്റബിലിറ്റി ടെസ്റ്റിനു പകരം ടെസ്റ്റ് മതിയാകും. പുതിയതായി നിർമ്മിക്കുന്ന ഓപ്പൺ ഡെക്ക്ബോട്ടുകൾക്ക് സ്വാമ്പ് ടെസ്റ്റ് മതിയെന്നും പുതിയ ഭേദഗതിയിൽ നിഷ്കർഷിക്കുന്നു. ഹൗസ് ബോട്ടിന്റെ നീളം കണക്കാക്കുമ്പോൾ ബോട്ടിൽ

ഘടിപ്പിച്ചിരിക്കുന്ന കൊമ്പിന്റെ നീളം കണക്കാക്കേണ്ടതില്ല. ജലപാതകളുടെ വീതി കണക്കിലെടുത്ത് പുതിയ ബോട്ടുകളുടെ അനുവദനീയ വീതി പരമാവധി ആറ് മീറ്ററായി നിജപ്പെടുത്തി. ബോട്ട് ജെട്ടികൾക്ക് സുരക്ഷാ ഓഡിറ്റ് നിർബന്ധമാക്കി. ഹൗസ് ബോട്ടുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരുടെ സുരക്ഷ കണക്കിലെടുത്ത് ബോട്ട് സുരക്ഷാ ലിസ്റ്റ് പ്രസിദ്ധീകരിക്കണം.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

## 2015-16 വർഷം പൂർത്തീകരിക്കുന്ന പ്രവൃത്തികൾ

1. **മത്സ്യബന്ധന തുറമുഖങ്ങൾ**

- **രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)** പദ്ധതിയിൽ ഉൾപ്പെട്ട കാസർഗോഡ് **മത്സ്യബന്ധന തുറമുഖ** (2975 ലക്ഷം) **ഈ വർഷം പൂർത്തീകരിക്കും.**
- 50% കേന്ദ്രവിഹിത പദ്ധതിയായ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം 2015 ആഗസ്റ്റിൽ കമ്മീഷൻ ചെയ്യും.
- 75% കേന്ദ്രവിഹിത പദ്ധതിയായ ചേറ്റുവ മത്സ്യബന്ധന തുറമുഖം ഈ സാമ്പത്തിക വർഷം കമ്മീഷൻ ചെയ്യും.
- **NFDB ധനസഹായത്തോടെ** മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെ നവീകരണം.
    - നീണ്ടകര/ശക്തികുളങ്ങര (1003 ലക്ഷം)

പൂർത്തീകരണഘട്ടത്തിലാണ്.

- ചോമ്പാൽ (336 ലക്ഷം) (70% പുരോഗതി കൈവരിച്ചു)

  ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും.

- **ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ**

  - **പൂന്തുറ ഫിഷിംഗ് ഹാർബർ** നിർമ്മാണത്തിനുള്ള പരിസ്ഥിതിപഠനം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്.

  - **വർക്കല-ചിലക്കൂർ മത്സ്യബന്ധന തുറമുഖത്തിന്റെ** പരിസ്ഥിതി പഠനം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുകയും പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

  - വലിയതുറ ഫിഷിംഗ് ഹാർബറിനു വേണ്ടിയുള്ള അധിക പരിസ്ഥിതി പഠനം ഈ സാമ്പത്തിക വർഷം പൂർത്തിയാക്കും.

  - പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ പരിസ്ഥിതി പഠനം ഈ വർഷം പൂർത്തിയാക്കും.

2. **മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ**

- **നബാർഡ് ധനസഹായത്തോടെ**

  - നീലിയടത്തുകടവ് (88 ലക്ഷം) (80% പുരോഗതി കൈവരിച്ചു)

  - കുമ്പളം വെസ്റ്റ് (109 ലക്ഷം)

- കുമ്പളം ഈസ്റ്റ് (105 ലക്ഷം) (10% പുരോഗതി കൈവരിച്ചു)
- വലിയഴീക്കൽ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനം (235.00 ലക്ഷം) (85% പുരോഗതി കൈവരിച്ചു) ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും.

3. **പാലങ്ങൾ, നിരത്തുകൾ**

- **നബാർഡ് ധനസഹായത്തോടെ**
  - ചീക്കാംതുരുത്ത്പുത്തൻതുരുത്ത് (125 ലക്ഷം) (42% പുരോഗതി കൈവരിച്ചു.)
  - പെരുമാതുറ താഴമ്പള്ളി (1600 ലക്ഷം) (90% പുരോഗതി കൈവരിച്ചു.)
  - കടലായി-പുതുക്കാടിത്തോട്പാലം (114 ലക്ഷം) (80% പുരോഗതി കൈവരിച്ചു)
  - ഓട്ടുമ്പ്രം കെട്ടുങ്കൽക്കടവ് (2670 ലക്ഷം) (72% പുരോഗതി കൈവരിച്ചു)
  - രാമപുരം വയലപ്രപരപ്പ്-ചെമ്പല്ലിക്കുന്ന് (245 ലക്ഷം) (50% പുരോഗതി കൈവരിച്ചു)
  - കാപ്പാട് കൊയിലാണ്ടി (929.00 ലക്ഷം) (70% പുരോഗതി കൈവരിച്ചു)

  **പദ്ധതികൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും.**

- **തീരദേശ മേഖലയിലെ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ** ഉൾപ്പെടുത്തി 88.95 കോടി രൂപയുടെ 263 റോഡ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

4. **ഡ്രഡ്ജിംഗ് പ്രവൃത്തികൾ**

- പുതിയാപ്പ (1216 ലക്ഷം) (40% പുരോഗതി കൈവരിച്ചു.)
- മാപ്പിളബേ (670.56 ലക്ഷം) (10% പുരോഗതി കൈവരിച്ചു.)
- തോട്ടപ്പള്ളി രണ്ടാംഘട്ടം (178.36 ലക്ഷം) (35% പുരോഗതി കൈവരിച്ചു)

**ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും.**

## 2015-16 സാമ്പത്തികവർഷം ആരംഭിക്കാൻ കഴിയുന്ന പദ്ധതികൾ

1. **മത്സ്യബന്ധന തുറമുഖങ്ങൾ**

- **കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെട്ട**

- മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം (4880 ലക്ഷം) ഈ വർഷം ആരംഭിക്കും.

- **നബാർഡ് ധനസഹായത്തോടെ** നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടിന്റെ പുനരുദ്ധാരണപ്രവൃത്തി (1090 ലക്ഷം) ഈ വർഷം ആരംഭിക്കും.

- NFDB ധനസഹായത്തോടെ തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണ പ്രവൃത്തി (138 ലക്ഷം) ഈ വർഷം ആരംഭിക്കും.

2.**മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ**

- **നബാർഡ് ധനസഹായത്തോടെ**
  - കണയങ്കോട് (97 ലക്ഷം) മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം
  - പാലിയാട്ടുനട (92 ലക്ഷം) മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം

  എന്നിവ ഈ വർഷം ആരംഭിക്കും.

- **ദേശീയ മത്സ്യവികസന ബോർഡിന്റെ (NFDB)** ധനസഹായത്തോടെ പുന്നപ്ര മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്ര (247 ലക്ഷം) നവീകരണ പ്രവൃത്തികൾ ആരംഭിക്കും.

3.**പാലങ്ങൾ, നിരത്തുകൾ**

- **നബാർഡ് RIDF-XX-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച**
  - ആലപ്പുഴ ജില്ലയിലെ മണികണ്ഠൻചിറ-എൻ.എച്ച്. റോഡ്-കന്നുകാലിപ്പാലം (മുട്ടേൽപാലം) (228.25 ലക്ഷം)
  - തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ പൊരുമ്പക്കുന്ന്-പകരപ്പള്ളിപ്പാലം (95 ലക്ഷം)
  - കണ്ണൂർ ജില്ലയിലെ മുല്ലക്കൊടി-നാണിശ്ശേരി-പറശ്ശിനിക്കടവ് റോഡ് (458.85 ലക്ഷം)

  എന്നിവ ഈ വർഷം ആരംഭിക്കും.

4. **മറ്റു പ്രവൃത്തികൾ**

- വിഴിഞ്ഞം സീവേർഡ് ബ്രേക്കുവാട്ടറിന് 408 ലക്ഷം രൂപയുടെ റീപ്ലിനിഷ്മെന്റ് പ്രവൃത്തി ഈ സാമ്പത്തികവർഷം ആരംഭിക്കും.

## ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്

- ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനു വേണ്ടി തിരുവനന്തപുരത്ത് കെട്ടിട നിർമ്മാണം പൂർത്തിയാക്കും.
- ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ മുനമ്പം/പരവൂർ സബ് ഓഫീസിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കും.
- കൊല്ലം മറൈൻ സർവ്വേയറുടെ ഓഫീസ് കെട്ടിട നിർമ്മാണവും വിപുലീകരണവും പൂർത്തിയാക്കും.
- മെക്കനൈസ്ഡ് സർവ്വേ ബോട്ടിന്റെ നിർമ്മാണം പൂർത്തിയാക്കും.

### തീരദേശ റോഡുകൾ

(രൂപ ലക്ഷത്തിൽ)

| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| ഭരണാനുമതി തുക | 6768.10 | 11119.22 | 11479.14 | 9594.36 | 3862.25 |
| റോഡുകളുടെ എണ്ണം | 244 | 385 | 365 | 303 | 142 |
| ചെലവായ തുക | 3556.59 | 4153.45 | 5545 | 4051.73 | 331.23 (മേയ് 15-വരെ) |

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

2015 ഡിസംബർ 31-ന് ആദ്യ വിമാനം പറന്നിറങ്ങും.

## അനുബന്ധം 2

## ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി പ്രസംഗം

സർ,

സംസ്ഥാനത്തെ 83.21 ലക്ഷം കാർഡുടമസ്ഥർക്ക് 14,324 റേഷൻകടകളിലൂടെ പൊതുവിതരണ സമ്പ്രദായത്തിൽ ഭക്ഷ്യധാന്യ വിതരണം നടത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ് ഭക്ഷ്യവകുപ്പ് നിർവഹിച്ചുപോരുന്നത്. 2015-16 സാമ്പത്തിക വർഷത്തേക്ക് 817.7795 കോടി രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. ഇതിൽ പദ്ധതി ഇനത്തിൽ 18 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 799.7795 കോടി രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്.

പദ്ധതിയേതര ചെലവുകളിൽ പ്രധാനമായിട്ടുള്ളത് റേഷൻ സബ്സിഡിക്കും റേഷൻവിതരണത്തിനുമുള്ള ചെലവാണ്. 449.57 കോടി രൂപയും റേഷൻ സബ്സിഡി തുക എഫ്.സി.ഐ. ക്കു മടക്കി നൽകുന്നതിനും റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ നൽകേണ്ട തുക നൽകുന്നതിനുമാണ് ചെലവിടേണ്ടി വരിക. 14.79 ലക്ഷം ബി.പി.എൽ. കാർഡുടമകൾക്ക് ഈ സർക്കാർ ഒരു രൂപ നിരക്കിൽ പ്രതിമാസം 25 kg അരി വിതരണം ചെയ്യുന്നു.

ഈ ഇനത്തിൽ ചെലവഴിക്കുന്ന സബ്സിഡി 165.77 കോടി രൂപ വരുന്നു. ബി.പി.എൽ. കുടുംബങ്ങളെ കൂടാതെ എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു രൂപ നിരക്കിൽ 35 Kg അരി വിതരണം ചെയ്യുന്നു. ഈ ഇനത്തിൽ 50.052 കോടി രൂപയാണ് സബ്സിഡി ഇനത്തിൽ സർക്കാർ ചെലവഴിക്കുന്നത്. എ.പി.എൽ. വിഭാഗത്തിൽ സബ്സിഡി അരിക്ക് അർഹതയുള്ളവർക്ക് Kg ന് 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നു. ഈ വിധത്തിൽ, ഒരു രൂപയ്ക്കും രണ്ടു രൂപയ്ക്കുമായി റേഷൻ അരിയും ഗോതമ്പും വിതരണം ചെയ്യുവാൻ സബ്സിഡി ഇനത്തിൽ 438,23,72,028 രൂപ വേണ്ടിവരുന്നു.

ഇപ്രകാരം വിതരണ ചെയ്യപ്പെടുന്ന റേഷൻ ഭക്ഷ്യധാന്യങ്ങൾ കൃത്യമായും ഉപഭോക്താക്കളുടെ കൈവശം എത്തിച്ചേരുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും വിതരണത്തിൽ അപാകതകൾ ഉണ്ടെങ്കിൽ അവ ചൂണ്ടിക്കാട്ടി പരിഹരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും എല്ലാ താലൂക്കുകളിലും താലൂക്ക്തല Food Advisory and Vigilance കമ്മിറ്റികളും പഞ്ചായത്തുകളിൽ പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യവകുപ്പിന്റെ വിജിലൻസ് സ്ക്വാഡും റേഷൻകടകൾ പരിശോധിക്കാറുണ്ട്.

കേരളത്തിൽ ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കുന്നതോടൊപ്പം പൊതുവിതരണ സംവിധാനത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം നടപ്പിലാവുകയാണ്. സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണ നടപടി

പൂർത്തിയാകുന്നതോടുകൂടി പൊതുവിതരണ സമ്പ്രദായം തികച്ചും കുറ്റമറ്റതും സുതാര്യവുമായി തീരുന്നതാണ്. ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും റേഷൻകടകളിൽ നേരിട്ടെത്തിക്കുന്ന "Door Delivery" സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി, നമ്മുടെ സംസ്ഥാനത്ത് ആട്ട, പഞ്ചസാര എന്നിവ "Door Delivery" സമ്പ്രദായത്തിൽ കോതമംഗലം താലൂക്കിൽ പരീക്ഷണാർത്ഥം നടപ്പിലാക്കിയത് വിജയകരമായി നടന്നുവരുന്നു. ആറുമാസം കൊണ്ട് ഇത് എല്ലാ ജില്ലകളിലും നടപ്പിലാക്കും.

ഭക്ഷ്യസുരക്ഷാനിയമം നടപ്പിൽവരുന്നതിന്റെ ആദ്യപടി എന്ന നിലയിൽ സംസ്ഥാനത്ത് നിലവിലുള്ള റേഷൻകാർഡുകൾ പുതുക്കിനൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടക്കുന്നു. കാർഡ് പുതുക്കുന്നതിനും മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുമുള്ള നടപടികൾ ഒരുമിച്ചുനടക്കുകയാണ്. ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാവുമ്പോൾ നിലവിലുള്ള ബി.പി.എൽ, എ.എ.വൈ. വിഭാഗങ്ങളിൽപ്പെടുന്ന 94 ലക്ഷം അംഗങ്ങൾക്കുപുറമേ അർഹതയുള്ള 60 ലക്ഷം പേരെകൂടി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി മൊത്തത്തിൽ 154 ലക്ഷം ജനങ്ങളെ സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽപ്പെടുത്തുക എന്ന വിധത്തിലാണ് നടപടികൾ പുരോഗമിക്കുന്നത്.

കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചുനൽകുന്ന സാധാരണ റേഷൻവിഹിതത്തോടൊപ്പം Ad-hoc വിഹിതവും ഉപയോഗപ്പെടുത്തിയാണ്

APL, BPL, AAY എന്നീ വിഭാഗങ്ങൾക്ക് യഥാക്രമം 9 Kg, 25 Kg, 35 Kg, എന്നീ നിരക്കിൽ റേഷൻവിതരണം തുടർന്നു കൊണ്ടുപോകുന്നത്. എന്നാൽ ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുമ്പോൾ മുൻഗണനാ വിഭാഗത്തിന് ഒരു അംഗത്തിന് 5 Kg ഭക്ഷ്യധാന്യം എന്ന നിരക്കിൽ വിതരണം ചെയ്യേണ്ടിവരുമ്പോൾ സാധാരണ വിഭാഗത്തിൽവരുന്ന കാർഡ് ഉടമകൾക്ക് റേഷൻവിഹിതം ഇപ്പോൾ നൽകുന്നതുപോലെ നിലനിർത്താൻ ആവശ്യമായ അലോട്ട്മെന്റ് അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റേഷൻവിതണരംഗം കൂടുതൽ കുറ്റമറ്റതും സുതാര്യവും ആക്കുന്നതിനുവേണ്ടി റേഷൻകട ഉടമകളുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം ഈ സർക്കാർ പരിഗണിക്കുകയും രണ്ടുഘട്ടങ്ങളിലായി അവരുടെ കമ്മീഷൻ Kg ന് ഒരുരൂപയായി വർദ്ധിപ്പിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ഈ വർദ്ധിപ്പിച്ച കമ്മീഷൻ നിരക്ക് നമ്മുടെ രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കാണെന്നുള്ള കാര്യം ഞാൻ സഭയെ അറിയിക്കുന്നു.

റേഷൻ വിതരണരംഗത്തെ പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായും സുതാര്യത ഉറപ്പുവരുത്തുന്നതിനുംവേണ്ടി ജില്ലാതലത്തിൽ പ്രത്യേക പരിശോധനാ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ക്വാഡുകൾ റേഷൻകടകളിലും പൊതുവിപണിയിലും പരിശോധന നടത്തുന്നുണ്ട്. 2014-15 കാലഘട്ടത്തിൽ സിവിൽ സപ്ലൈസിന്റെ സ്ക്വാഡുകൾ പോലീസിന്റെ സഹായത്തോടെ അറുപതിനായിരത്തിലധികം റെയ്ഡുകളും ഇൻസ്പെക്ഷനുകളും നടത്തിയിട്ടുണ്ട്.

ഈ റെയ്ഡുകളിൽ കുറ്റക്കാരെന്നുകണ്ട 19 പേരെ അറസ്റ്റുചെയ്യുകയും '5' പേരെ prosecute ചെയ്യുകയും ചെയ്തിട്ടുണ്ട്. ഏകദേശം 900 ടൺ അരി ഈ റെയ്ഡിൽ പിടിച്ചെടുത്തിട്ടുണ്ട്. ഇതിനു പുറമേ 963 അനധികൃത ഗ്യാസ് സിലിണ്ടറുകളും പിടിച്ചെടുത്തിട്ടുണ്ട്. ഇതിൽ പല കേസുകളിലുമായി 34.20 ലക്ഷം രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ കമ്പോളവില നിയന്ത്രിക്കുന്നതിനുവേണ്ടി സപ്ലൈകോ ശക്തമായ നിലയിൽ വിപണിയിടപെടൽ നടത്തുന്നുണ്ട്. മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ശബരി സ്റ്റോറുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിങ്ങനെ 1506 വില്പനശാലകളിലൂടെ മാർക്കറ്റുവിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് അരിയുൾപ്പെടെ '13' ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നൽകി വിതരണം ചെയ്യുന്നു. മുൻകാലങ്ങളിൽ നൽകിയിരുന്ന സബ്സിഡി സാധനങ്ങളിൽ താരതമ്യേന വളരെ ചെലവുകുറഞ്ഞ ജീരകം, കടുക്, ഉലുവ, പീസ് പരിപ്പ്, ഉഴുന്ന് ഉടച്ചത് എന്നിവ മാറ്റി, ജനങ്ങൾ കൂടുതൽ ഉപയോഗിക്കുന്ന/ആവശ്യപ്പെടുന്ന മട്ട അരി, കുറുവ അരി, ജയ അരി, വെളിച്ചെണ്ണ, പഞ്ചസാര എന്നിവ '13' ഇനസബ്സിഡി സാധനങ്ങളിൽ ഈ സർക്കാർ ഉൾപ്പെടുത്തി. ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം ശരാശരി '30'കോടി രൂപ പ്രതിമാസം സപ്ലൈകോയ്ക്ക് നഷ്ടം സംഭവിക്കുന്നുണ്ട്. ഉത്സവസീസണുകളിൽ വിപണിവില കുതിച്ചുയരാതിരിക്കാൻ സപ്ലൈകോ സംസ്ഥാനത്തുടനീളം ഓണക്കാലത്തും ക്രിസ്മസ് സമയത്തും പ്രത്യേക

ഫെയറുകൾ സംഘടിപ്പിക്കാറുണ്ട്. ഇതിലൂടെ '13' ഇനം സബ്സിഡി സാധനങ്ങൽ ഇടതടവില്ലാതെ വിതരണം ചെയ്യുന്നതു കൂടാതെ മറ്റ് ഉപഭോക്തൃ സാധനങ്ങളും കമ്പോളവിലയേക്കാൾ 10 മുതൽ 25 ശതമാനം വരെ വിലകുറച്ച് നൽകുന്നുണ്ട്. ഈ റംസാൻ സീസണിൽ '64' ഫെയറുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കൂടുതൽ പ്രദേശങ്ങളിലേക്ക് സപ്ലൈകോയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ 103 മാവേലി സ്റ്റോറുകളും അഞ്ച് സൂപ്പർ മാർക്കറ്റുകളും ഒരു പീപ്പിൾസ് ബസാറും ഒരു ഹൈപ്പർ മാർക്കറ്റും പുതുതായി ആരംഭിച്ചതിനുപുറമേ, 39 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും 10 സൂപ്പർ മാർക്കറ്റുകൾ പീപ്പിൾസ് ബസാറുകളായും ഉയർത്തിയിട്ടുണ്ട്. കൂടാതെ കുറഞ്ഞ വിലയ്ക്ക് ജീവൻരക്ഷാ മരുന്നുകൾ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സപ്ലൈകോയുടെ കീഴിൽ പ്രവർത്തിക്കുന്ന മാവേലി മെഡിക്കൽ സ്റ്റോറുകൾ '13' എണ്ണം കൂടി പുതുതായി ആരംഭിച്ചു.

മൂന്നു പെട്രോൾ ബങ്കുകളും ഈ കാലഘട്ടത്തിൽ സപ്ലൈകോ പുതിയതായി ആരംഭിച്ചു.

ആദിവാസി/തീരദേശ മേഖലയിൽ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 10 എണ്ണം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയവയാണ്.

ചായപ്പൊടി, കാപ്പിപ്പൊടി, മല്ലിപ്പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, കായം, കുരുമുളകുപൊടി, ഏലയ്ക്ക എന്നിങ്ങനെ നിലവിലുണ്ടായിരുന്ന പതിനൊന്ന് ഐറ്റത്തോടൊപ്പം സാമ്പാർപൊടി, രസപ്പൊടി, ചിക്കൻമസാല, മീറ്റ് മസാല, ഫിഷ് മസാല, പുട്ടുപൊടി, അപ്പംപൊടി, ജീരകം, കടുക്, ഉലുവ, കുടിവെള്ളം എന്നിങ്ങനെ പതിനൊന്ന് ഐറ്റം സാധനങ്ങൾകൂടി ഇപ്പോൾ "ശബരി ബ്രാന്റിൽ" സപ്ലൈകോ വില്പന നടത്തുന്നു. കൂടാതെ പാമൊലിൻ, ബാർ സോപ്പ്, ബാത് സോപ്പ് എന്നിവകൂടി ശബരി ബ്രാന്റിൽ ഉടൻ വിപണിയിലിറക്കാൻ സപ്ലൈകോ ഉദ്ദേശിക്കുന്നു.

ശബരി തേയില പാക്ക് ചെയ്യുവാനുള്ള ആധുനിക Tea Blending യൂണിറ്റ് സ്ഥാപിക്കുവാനുള്ള സപ്ലൈകോയുടെ നടപടികൾ പുരോഗമിച്ചുവരുന്നു. സപ്ലൈകോയിൽ അവശ്യസാധനങ്ങൾ വാങ്ങുന്നത് ഇ-ടെണ്ടർ മുഖേനയാണ്. ഇതിനായി സപ്ലൈകോ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് രജിസ്ട്രേഷൻ നേടിയ സപ്ലൈയർക്ക് 'ഇ' ടെണ്ടറിൽ പങ്കെടുക്കാം. സപ്ലൈയർ ക്വാട്ട് ചെയ്യുന്ന ഏറ്റവും കുറഞ്ഞ റേറ്റ് തീരുമാനിക്കുന്നതും സാധനങ്ങളുടെ അളവ് തീരുമാനിക്കുന്നതും ഏറ്റവും സുതാര്യമായ രീതിയിൽ കമ്പ്യൂട്ടർ സഹായത്തോടെയാണ്.

ഈ സംവിധാനത്തിൽ ഓരോ സാധനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ടുചെയ്യുന്ന സപ്ലൈയർക്ക് സപ്ലൈ ഓർഡർ നൽകുന്നു. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ഡിജിറ്റൽ കീ നിർബന്ധമാണ്. ഇ-ടെണ്ടർ സംവിധാനത്തിൽ

ഡിജിറ്റൽ കീ ഏർപ്പെടുത്തിയതോടുകൂടി, black list ചെയ്യപ്പെട്ട സപ്ലൈയേഴ്സിന് ടെണ്ടർ നടപടികളിൽ പങ്കെടുക്കുവാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കപ്പെട്ടു. അതോടെ സപ്ലൈകോയുടെ ഇ-ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമായി. ഒപ്പം negotiation ഉം ഓൺലൈൻ വഴിയാക്കി.

നെൽകർഷകരെ ചൂഷണത്തിൽനിന്നും മോചിപ്പിച്ച് അവർക്ക് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടിയാണ് 19 രൂപ നിരക്കിൽ കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. ഇത് ഇന്ത്യയിലെ ഏറ്റവും ഉയർന്ന താങ്ങുവിലയാണ്. നെൽകർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷനും, EPRS സംവിധാനവും നടപ്പിലാക്കി.

രജിസ്ട്രേഷൻ വകുപ്പിനെപ്പറ്റിപ്പറയുകയാണെങ്കിൽ, രാജ്യത്തെ ഏറ്റവും പുരാതന വകുപ്പുകളിൽ ഒന്നാണ് രജിസ്ട്രേഷൻ വകുപ്പ്. രജിസ്ട്രേഷൻ വകുപ്പിന്റെ 150-ാം വാർഷിക ആഘോഷ പരിപാടികളുടെ തുടക്കം 2015 മാർച്ചുമാസം 17-ാം തീയതി തിരുവനന്തപുരത്ത് സെനറ്റ് ഹാളിൽ നടന്നു. കൂടാതെ ആഘോഷച്ചടങ്ങുകൾ 2015 മേയ് മാസം 29-ാം തീയതി കേരളത്തിലെ ആദ്യത്തെ സബ് രജിസ്ട്രാർ ഓഫീസ് ആയ അഞ്ചരക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിൽ സംഘടിപ്പിക്കുകയുണ്ടായി. 150-ാം വാർഷികത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിൽ കുത്താട്ടുകുളം കേന്ദ്രമാക്കി രജിസ്ട്രേഷൻ വകുപ്പിന് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ

ആർക്കിടെക്ചർ ഡിസൈനിംഗ് PWD തയ്യാറാക്കി വരുന്നു.

2015-16 സാമ്പത്തിക വർഷം ഒല്ലൂക്കര, കുട്ടനെല്ലൂർ സബ് രജിസ്ട്രാർ ഓഫീസുകൾ 2015 മേയ് 14-ന് ഉദ്ഘാടനം കഴിഞ്ഞ് സർക്കാർ കെട്ടിടത്തിലേക്ക് മാറ്റി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ആലുവ, തൃക്കാക്കര, കൂരാച്ചുണ്ട്, കടമ്പഴിപ്പുറം, കുവപ്പള്ളി, കൊണ്ടോട്ടി, കിളികൊല്ലൂർ, പൂയപ്പള്ളി, കായംകുളം, പുത്തനമ്പലം, കോടഞ്ചേരി, കൊയിലാണ്ടി, അഞ്ചൽ, ശ്രീകണ്ഠപുരം, ചേന്ദമംഗലം, നീലേശ്വരം, ശ്രീമൂലനഗരം എന്നീ സബ് രജിസ്ട്രാർ ഓഫാസുകൾ സർക്കാർ കെട്ടിടങ്ങളിലേക്ക് മാറ്റുകയുണ്ടായി. കൂടാതെ ആലപ്പുഴ ജില്ലയിൽ പുതിയ രജിസ്ട്രേഷൻ കോംപ്ലക്സ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

2014-15 സാമ്പത്തിക വർഷം മലപ്പുറം ജില്ലയിലെ വേങ്ങര, കരുവാരക്കുണ്ട് എന്നിവിടങ്ങളിലും ഇടുക്കി ജില്ലയിലെ തോപ്രാംകുടിയിലും പുതിയ സബ് രജിസ്ട്രാർ ഓഫീസുകൾ ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകി.

രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണ നടപടികളുടെ ഭാഗമായി താഴെപ്പറയുന്ന സേവനങ്ങൾ നൽകാൻ വകുപ്പ് പര്യാപ്തമായി വരികയാണ്. പേൾ (PEARL-Programme for Effective Administration of Registration Laws) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഈ സേവനങ്ങൾ National Informatics Centre- ന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കുന്നത്.

(എ) ഇവയിൽ, ഓൺ ലൈൻ സേവന പദ്ധതി പ്രകാരം സംസ്ഥാനത്ത്

310 സബ് രജിസ്ട്രാർ ഓഫീസുകളിലെ വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് ഡേറ്റ സെന്ററിൽ ശേഖരിക്കുകവഴി രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റാൻ ശ്രമിക്കുകയാണ്. ഈ സംവിധാന തിരുവനന്തപുരം ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഇതിനകം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളെ ഡേറ്റ സെന്ററുകളുമായി ബന്ധിപ്പിക്കുന്ന ജോലികൾ പൂർത്തിയായി വരുന്നു. ആധാര രജിസ്ട്രേഷൻ, ബാദ്ധ്യതാ സർട്ടിഫിക്കറ്റ്, ആധാര പകർപ്പ്, വിവാഹം എന്നീ നാലു സേവനങ്ങൾക്കുള്ള അപേക്ഷ www.keralaregistration.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

(ബി) സൊസൈറ്റി രജിസ്ട്രേഷനും പാർട്ട്നർഷിപ്പ് നിയമപ്രകാരമുള്ള ഫേംസ് രജിസ്ട്രേഷനും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് അവയും ഇന്റർനെറ്റ് അധിഷ്ഠിതമാക്കി. www.egroops.kerala.gov.in എന്ന മേൽവിലാസത്തിൽ രജിസ്ട്രേഷനുകൾ സാധ്യമാണ്. വാർഷിക റിട്ടേണുകളും അനുബന്ധരേഖകളും അപേക്ഷയോടൊപ്പം സമർപ്പിക്കുന്നതിനുള്ള സൗകര്യവും വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ബാദ്ധ്യതാ സർട്ടിഫിക്കറ്റ്, ആധാര പകർപ്പ്, വിവാഹം എന്നീ സേവനങ്ങൾക്കുള്ള ഓൺലൈൻ അപേക്ഷയോടൊപ്പം ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കാനുള്ള സൗകര്യം തിരുവനന്തപുരം ജില്ലയിലെ എല്ലാ

സബ് രജിസ്ട്രാർ ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് എഴുതുന്ന ആധാരങ്ങൾക്ക് ഏകീകൃതരൂപം ഉണ്ടാക്കുന്നതിനും എളുപ്പം മനസിലാകത്തക്കവണ്ണം ഭാഷ ലഘൂകരിക്കുന്നതിനുമുള്ള മാതൃകാ ആധാരങ്ങൾ തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ജനങ്ങൾക്ക് ഉപയോഗിക്കാം. e-payment സംവിധാനം പൂർണ്ണമാകുന്നതോടെ ആധാര രജിസ്ട്രേഷനുകൾ കൂടുതൽ ലളിതമാകും. ആധാരം എഴുത്ത് ലൈസൻസികളെ മാത്രമേ ആധാരം രജിസ്റ്റർ ചെയ്യാൻ അനുവദിക്കുകയുള്ളൂ.

തിരുവനന്തപുരം പട്ടം, ശാസ്തമംഗലം, ചാല, നേമം, വർക്കല, തിരുവല്ലം എന്നീ ഓഫീസുകളിലെ 1980 മുതലുള്ള ആധാരങ്ങൾ സ്കാൻചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ഇവയുടെ പകർപ്പുകൾ അതിവേഗം എടുക്കാൻ കഴിയും.

വർഷങ്ങളായി ബയന്റ് ചെയ്യപ്പെടാതെകിടന്ന 50,000 രജിസ്റ്റർ വാല്യങ്ങൾ ബയന്റ് ചെയ്തു കഴിഞ്ഞു. പാലക്കാട്, പട്ടം, ആലപ്പുഴ, നെടുമങ്ങാട് എന്നിവിടങ്ങളിൽ റിക്കാർഡ് സൂക്ഷിക്കാനുള്ള ആധുനിക കോംപാക്ടറുകൾ സ്ഥാപിച്ചു. പ്രധാനപ്പെട്ട എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഇത്തരത്തിലുള്ള കോംപാക്ടറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ എല്ലാ ആധുനിക വൽക്കരണ നടപടികളും ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കും.

കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഭൂമി, ഫ്ലാറ്റ് എന്നിവയുടെ രജിസ്ട്രേഷന് 50% സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകി. വാണിജ്യ ബാങ്കുകൾ നൽകുന്ന

കാർഷിക-വിദ്യാഭ്യാസ വായ്പകൾക്കുള്ള 5% സ്റ്റാമ്പ് ഡ്യൂട്ടി പൂർണ്ണമായും ഇളവ് നൽകി. മറ്റ് ലോണുകൾ ലഭിക്കുന്നതിന് എഴുതിക്കൊടുക്കുന്ന പണയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി ലോൺ തുകയുടെ 5% ആയിരുന്നത് 20,000 രൂപ എന്ന പരിധിക്കു വിധേയമായി ലോൺ തുകയുടെ 0.5% ആയി കുറച്ചു. പ്രസ്തുത ലോണുകളുടെ രജിസ്ട്രേഷൻ ഫീസ് 2% ആയിരുന്നത് 1% എന്നതിനു വിധേയമായി പരമാവധി 500 രൂപയായി കുറച്ചു.

ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വസ്തു വാങ്ങുന്നതിന് മുദ്രയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകി. 14-11-2014-ലെ വിജ്ഞാപനം മുഖേന ഭൂമിയുടെ നിലവിലുള്ള ന്യായവിലയിൽ 50% വർദ്ധനവ് വരുത്തി. ന്യായവില സംബന്ധിച്ച് ജില്ലാ കളക്ടർ അപ്പീൾ തീരുമാനം എടുത്ത കേസ്സുകളിൽ എതിർപ്പുള്ളവർക്ക് ഒരു വർഷത്തിനകം ജില്ലാ കളക്ടർ മുമ്പാകെ റിവ്യൂ പെറ്റീഷൻ നൽകാൻ അവസരം നൽകി മുദ്രപത്രനിയമം ഭേദഗതി ചെയ്തു. ഫെയർ വാല്യൂ പുനക്രമീകരിക്കുന്നതിനായി 4 സബ് കളക്ടർമാർ അടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ചു.

റേഷൻ കാർഡിനോടൊപ്പം സാക്ഷ്യപ്പെടുത്തിയ ഫോട്ടോ കൂടി ഹാജരാക്കുന്നതു സംബന്ധിച്ച് രജിസ്ട്രേഷൻ ചട്ടം ഭേദഗതി ചെയ്തു. മുക്ത്യാറുകളുടെയും രജിസ്റ്റർ ചെയ്യാത്ത കരാറുകളുടെയും അടിസ്ഥാനത്തിൽ വ്യാജ ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് തടയാൻ, രജിസ്ട്രേഷൻ ആക്ടിൽ നിർദ്ദേശിച്ച ഭേദഗതിക്ക് പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുകയും 13-9-2013-

ലെ ഉത്തരവ് പ്രകാരം അത് നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ആൾമാറാട്ടം നടത്തി രജിസ്റ്റർ ചെയ്ത രേഖകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് നൽകി രജിസ്ട്രേഷൻ നിയമം ഭേദഗതി ചെയ്തു. രജിസ്ട്രേഷൻ ഐ. ജിയുടെ ഉത്തരവിന്മേൽ പരാതിയുള്ളവർക്ക് സർക്കാരിന് അപ്പീൽ സമർപ്പിക്കാനുള്ള അവസരം ഉണ്ടാക്കി. മുമ്പ് കോടതി ഉത്തരവുകളിൽക്കൂടി മാത്രമേ രജിസ്ട്രേഷൻ റദ്ദ് ചെയ്യാൻ കഴിയുമായിരുന്നുള്ളൂ.

ഭക്ഷ്യ-സിവിൽ സപ്ലൈസ്-ഉപഭോക്തൃ സംരക്ഷണം-രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.